# CHRISTIAN EVANGELICAL MOVEMENT (CEM)

(Youth Wing of Sharon Fellowship Church)

NEYYATTINKARA REGION

# CEM NEYYATTINKARA REGION CIRCULAR

# സർക്കുലർ

2026 - 2028

# CHRISTIAN EVANGELICAL MOVEMENT (C.E.M)

YOUTH WING OF SHARON FELLOWSHIP CHURCH

NEYATTINKARA REGION

## CEM EXECUTIVE COMMITTEE 2026-28



PRESIDENT
PR. MOSES S.H
8113900706



SECRETARY
BR. SANTHOSH
9447585839



TREASURER
BR. BLESSON J RAJU
9605805806



SENIOR VICE PRESIDENT
Pr. YOHANNAN ISSAC



JUNIOR VICE PRESIDENT
BR. VIBIN DAS



JOINT SECRETARY
BR. NICKSAM



JOINT TRESURER
BR. MANEESH



CO-ORDINATOR
PR. RAJEEV



TALENT TEST SECRETARY
BR. STALIN PREM SINGH



PRAYER CO-ORDINATOR
Pr. SAJU THANKACHAN



PUBLICITY CONVENOR
BR. SHERMIN



MEMBERSHIP SECRETARY
DR. AKHIL



MEDIA & LITERATURE
BR. MATHEW.K.JOHN

## COMMITTEE MEMBERS



Pr. EBY JOHN



Pr. POULSAM



Pr. JUSTIN



BR. JOSE



BR. DENNO



BR. SANDEEP



BR. ANEESH



BR. SAJIN



BR. JIBI. S. ANI



BR. SIBI JOHN. R



BR. RENJITH

## ആരംഭം

1957 ഏപ്രിൽ 15 ന് തിരുവല്ലയിലും പരിസര പ്രദേശങ്ങളിലുമുള്ള ഒരു കൂട്ടം ചെറുപ്പക്കാർ തിരുവല്ല ശാരോനിൽ ഒത്തുകൂടി. സഹപാഠികൾക്കും സുഹൃത്തുക്കൾക്കും യേശുവിനെ പരിചയപ്പെടുത്താനുള്ള കൂട്ടായ പ്രവർത്തന സാധ്യതകളെ കുറിച്ച് ചിന്തിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഈ ചർച്ചയിൽ ഉരിത്തിരിഞ്ഞ ആശയമാണ് സി.ഇ.എം. എന്ന യുവജന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. പാസ്റ്റർ പി.ജെ.തോമസിന്റെയും കുടുംബത്തിന്റെയും ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ നേതൃനിരയിൽ ഉണ്ടായിരുന്ന മറ്റ് ദൈവദാസന്മാരുടെയും പ്രോത്സാഹനവും നിർദ്ദേശങ്ങളും ഈ യുവാക്കൾക്ക് ഏറെ പ്രചോദനമായി. സുവിശേഷ മുന്നേറ്റം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പ്രസ്ഥാനത്തിന് ആ അർത്ഥം വരുന്ന ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് എന്ന നാമകരണവും അവർ നൽകി. കഴിഞ്ഞ ഏഴു പതിറ്റാണ്ടുകളിലെ മാറിമാറി വന്ന ശക്തമായ നേതൃത്വത്തിന്റെ ദർശനവും അംഗങ്ങളുടെ പിന്തുണയും ഈ പ്രസ്ഥാനത്തെ ഇതര യുവജന പ്രസ്ഥാനങ്ങളിൽനിന്ന് ഏറെ വ്യത്യസ്തമായി നിലനിർത്തുകയും സുവിശേഷീകരണം എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

കേന്ദ്ര സി.ഇ.എം.ന്റെ അതേ ആശയങ്ങൾ ഉൾക്കൊണ്ട് കൊണ്ട് നമ്മുടെ നെയ്യാറ്റിൻകര റീജിയനിലും സി.ഇ.എം ന്റെ പ്രവർത്തനങ്ങൾ മാതൃകാപരമായി ചെയ്ത് വരുന്നു.

## ലക്ഷ്യം

ആത്മാക്കളെ ക്രിസ്തുവിലേക്ക് നയിക്കുക എന്ന പ്രഥമ ലക്ഷ്യത്തോടൊപ്പം തന്നെ സഭയിലെ യുവജനങ്ങളുടെ ആത്മീക സാമൂഹിക മാനസിക വളർച്ചയ്ക്ക് വഴിയൊരുക്കുക, സുവിശേഷ ദർശനം അവരിൽ രൂപപ്പെടുത്തുക, ബൈബിൾ പഠനത്തിനുള്ള അവസരങ്ങൾ, സെമിനാറുകൾ, ക്യാമ്പുകൾ, പരസ്യ യോഗങ്ങൾ, കാത്തിരിപ്പ് യോഗങ്ങൾ, മുഴുരാത്രി പ്രാർത്ഥനകൾ, മുറ്റത്ത് കൺവെൻഷൻ തുടങ്ങിയവ സംഘടിപ്പിക്കുക. സാമൂഹ്യ നന്മയ്ക്കായി സാമൂഹ്യപ്രതിബന്ധതയോടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ, പൊതുപ്രവർത്തനങ്ങൾ എന്നിവ നിർവഹിക്കുക.രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കായി പ്രവർത്തിക്കുക. തുടങ്ങിയ കാര്യങ്ങൾ ആണ് സി.ഇ.എം.ന്റെ ലക്ഷ്യം.

# വിഷൻ & പ്രോജക്ട് 2026 - 2028

പ്രവർത്തന പദ്ധതികൾക്കായി പ്രാർത്ഥിക്കുക... പങ്കാളിയാവുക...

## ......ചികിത്സാ സഹായം......

ക്യാൻസർ, ഡയാലിസിസ്, സ്ട്രോക്ക് തുടങ്ങിയ നിർധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുവാൻ ആഗ്രഹിക്കുന്നു.



## ......വിദ്യാഭ്യാസ സഹായം......




സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ സഭകളിലെ അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം ചെയ്യുവാൻ ആഗ്രഹിക്കുന്നു. ഒപ്പം ഏപ്രിൽ/മേയ് മാസം CEM & സണ്ടേസ്കൂൾ വാർഷിക മീറ്റിംഗിൽ വച്ച് SSLC, +2 വിജയിച്ച കുഞ്ഞുങ്ങൾക്ക് Cash അവാർഡും, എല്ലാ വിഷയത്തിനും A+ നേടുന്ന കുഞ്ഞുങ്ങൾക്ക് Cash അവാർഡിനോപ്പം മൊമന്റോയും നൽകുവാനും ആഗ്രഹിക്കുന്നു.

## ......ബൈബിൾ കോളേജ് പഠനത്തിന് സാമ്പത്തിക സഹായം......

2026-2028 CEM പ്രവർത്തന വർഷത്തിൽ നമ്മുടെ റീജിയനിൽ നിന്ന് ഫുൾ ടൈം ബൈബിൾ കോളേജിൽ പോയി പഠിക്കാൻ ആഗ്രഹിക്കുന്ന യുവതി, യുവാക്കൾക്ക് രണ്ട് വർഷം സാമ്പത്തിക സഹായം ചെയ്യാൻ ആഗ്രഹിക്കുന്നു.



## ആരുമില്ലാത്തവർക്ക് ഒരു കൈത്താങ്ങ്

അനാഥർ, വിധവമാർ, കാഴ്ച ഇല്ലാത്തവർ,
അംഗ പരിമിതർ, വയോജനങ്ങൾ, വികാലാംഗർ
തുടങ്ങിയവർ പാർക്കുന്ന സ്ഥലങ്ങളിൽ
അവരോടോപ്പം ഒരു ദിവസം ചിലവിടുവാനും അവർക്ക്
ഒരു നേരത്തെ ആഹാരം കൊടുക്കുവാനും, വസ്ത്രം
കൊടുക്കുവാനും ആഗ്രഹിക്കുന്നു.



## പുതിയ മിഷൻ പ്രവർത്തനം



2026-2028 കാലഘട്ടത്തിൽ നമ്മുടെ റീജിയനിൽ ഒരു
പുതിയ പ്രവർത്തനം തുടങ്ങുവാൻ ആഗ്രഹിക്കുന്നു.
കൂടാതെ ഏതെങ്കിലും ഒരു ദൈവദാസന് ചെറിയ
രീതിയിൽ രണ്ടു വർഷക്കാലം ഒരു സാമ്പത്തിക
സപ്പോർട്ട് ചെയ്യുവാനും ആഗ്രഹിക്കുന്നു.

## ബ്ലഡ് ഡൊണേഷൻ ഫോറം

രക്തദാനം മഹാദാനം എന്ന ആശയം ഫല പ്രാപ്തിയിൽ
എത്തിക്കുവാൻ ബ്ലഡ് ഡൊണേഷൻ
CEM നെയ്യാറ്റിൻകര റീജിയൻ ആവിഷ്കരിക്കുന്നു
താല്പര്യമുള്ള മുഴുവൻ സി.ഇ.എം അംഗങ്ങളെയും
ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് തുടങ്ങുവാൻ
ആഗ്രഹിക്കുന്നു.



## ......മെഡിക്കൽ ക്യാമ്പുകൾ......

നമ്മുടെ റീജിയനിലെ സഭകളുടെ പ്രദേശങ്ങളിൽ പ്രാദേശിക ആശുപത്രി കളുമായി കൈകോർത്തു കൊണ്ട് മെഡിക്കൽ ക്യാമ്പ് ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നു. ഇത് സഭയ്ക്ക് അകത്തും ദേശത്തും ഒരു പോലെ പ്രയോജനപ്പെടുന്നതാണ്.




## ......ലഹരി വിരുദ്ധ സന്ദേശയാത്ര......




ലഹരിക്കെതിരെയുള്ള സന്ദേശ യാത്രകൾ, ബൈക്ക് റാലികൾ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു..

## ......സി.ഇ.എം. ഓഫീസ്......

അടുത്ത പ്രവർത്തന കാലഘട്ടത്തിൽ വരുന്ന സി.ഇ.എം. പ്രവർത്തകർക്ക് കുടുതൽ ഊർജത്വടെയും, നമ്മുടെ കുഞ്ഞുങ്ങൾക്ക് വേണ്ടി ആത്മാർത്ഥതയോടെയും പ്രവർത്തിക്കുവാൻ ഉത്സാഹം ഉണ്ടാകുവാൻ വേണ്ടി സ്വന്തമായി സി.ഇ.എം. ന്റെ പേരിൽ ഭൂമി വാങ്ങുവാനും, ഒരു ഓഫീസ് കെട്ടിടം പണിയുവാനും ആഗ്രഹിക്കുന്നു..



# റീജിയൻ ക്യാമ്പ്

ഏപ്രിൽ/മേയ് മാസത്തിൽ മുൻ വർഷത്തെ പോലെ റീജിയൻ ക്യാമ്പ് നടത്തുവാൻ ആഗ്രഹിക്കുന്നു. സ്പിരിച്വൽ മീറ്റിങ്ങുകൾ, സുവിശേഷ വേലയ്ക്കായുള്ള ആഹ്വാനം, കൗൺസിലിംഗ് സെഷനുകൾ, ബൈബിൾ പഠനം, ചർച്ചകൾ, സംഗീത ശുശ്രൂഷ തുടങ്ങിയ പ്രോഗ്രാമുകൾ ഉൾപ്പെടുത്തി ചെയ്യുവാൻ ആഗ്രഹിക്കുന്നു.



# കൗൺസിലിംഗ്



ഇന്നത്തെ യുവതി യുവാക്കളും, കുഞ്ഞുങ്ങളും ഒരുപോലെ അഭിമുഖീകരിക്കുന്ന വിഷയങ്ങൾക്ക് കൗൺസിലിങ്ങിലൂടെയും, പ്രാർത്ഥനയിലൂടെയും പരിഹാരം വരുത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു. ഇത് യുവതി യുവാക്കൾ അഭിമുഖീകരിക്കുന്ന പിരിമുറുക്കങ്ങളെ കുറയ്ക്കുവാനും ആത്മീയരായി നില നിൽക്കുവാനും സഹായിക്കും.

# നിരാലംബർക്ക് ഒരു കൈത്താങ്ങ്

ശാരീരികമായി വെല്ലുവിളി നേരിടുന്ന പ്രിയപ്പെട്ടവർക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകാൻ ആഗ്രഹിക്കുന്നു.



## സാന്ത്വന സ്പർശം



നമ്മുടെ റീജിയനിലെ പ്രായാധിക്യത്തിലും രോഗത്തിലുമായിരിക്കുന്ന മുൻ ദൈവദാസന്മാരെയും, വിധവകളായ ദൈവദാസിമാരെയും സന്ദർശിച്ച് പ്രാർത്ഥിക്കുവാനും സാധിക്കുന്ന, ചെറിയ നന്മ കൊടുക്കുവാനും അല്പ സമയം അവരോട് ചെലവഴിക്കുവാനും ആഗ്രഹിക്കുന്നു.
ഇത് അവരുടെ മാനസിക ഉത്തേജനത്തിനും ധൈര്യത്തിനും കാരണമാകും..

## താലന്ത് പരിശോധന




ഒക്ടോബർ മാസം 2 ന്
റീജിയൻ താലന്ത് പരിശോധന നടത്താൻ ആഗ്രഹിക്കുന്നു. ഇതിലൂടെ യുവജനങ്ങളുടെ താലന്തുകൾ ദൈവ നാമ മഹത്വത്തിനായി വിനിയോഗിക്കുവാൻ അവരെ പ്രാപ്തരാക്കുന്നു.

## പ്രീ മാരിറ്റൽ കൗൺസിലിംഗ്



വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാൻ പോകുന്ന ദമ്പതികളെ മാനസികമായി സജ്ജരാക്കുന്നതിനും, കുടുംബ ജീവിതത്തിന്റെ ഭദ്രതയ്ക്കും അഭിവൃത്തിക്കുമായി കേന്ദ്ര സി.ഇ.എം. മായി ചേർന്ന് വിവാഹപൂർവ കൗൺസിലിംഗ് നടത്തുവാൻ ആഗ്രഹിക്കുന്നു..

## സി.ഇ.എം. മെമ്പർമാരുമായി ഒരു ദിനം

സി.ഇ.എം. നടക്കുന്ന സഭകളിലും സി.ഇ.എം. നടക്കാത്ത സഭകളിലും സി.ഇ.എം. റീജിയൻ കമ്മിറ്റി അവിടത്തെ ദൈവദാസന്റെ സമ്മതത്തോടെ കടന്നുപോയി സി.ഇ.എം. പ്രോഗ്രാമുകൾ ഒരുമിച്ച് നടത്തുവാൻ ആഗ്രഹിക്കുന്നു.



## വിനോദ യാത്ര



നമ്മുടെ റീജനിലെ സഭകളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു വിനോദയാത്ര സി.ഇ.എം. നെയ്യാറ്റിൻകര റീജിയൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുവാൻ ആഗ്രഹിക്കുന്നു.

## സി.ഇ.എം. ഡേ നെയ്യാറ്റിൻകര റീജിയൻ

വരുന്ന വർഷങ്ങളിൽ ജനുവരി മാസം രണ്ടാം ഞായറാഴ്ച സി.ഇ.എം. റീജിയൻ ഡേയായി വേർതിരിക്കുന്നു. അന്നേദിവസം ഈ പ്രവർത്തനങ്ങൾക്കായി ഓരോ ലോക്കൽ സഭകളിലും നിശ്ചിത സമയം പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും അതോടൊപ്പം തന്നെ സി.ഇ.എം. ന്റെ സാമ്പത്തിക ആവശ്യങ്ങൾക്കായി ഒരു കവർ ശേഖരിക്കുവാനും ആഗ്രഹിക്കുന്നു.



## ഉപവാസ പ്രാർത്ഥനയും കാത്തിരിപ്പു യോഗവും

യുവതി യുവാക്കളുടെ ആത്മീയ മുന്നേറ്റത്തെ ലക്ഷ്യമാക്കി കൊണ്ട് നമ്മുടെ റീജിയനിൽ വിവിധ സഭകളിൽ ഉപവാസ പ്രാർത്ഥനയും കാത്തിരിപ്പു യോഗങ്ങളും ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നു.





## മിനി കൺവെൻഷൻ

പുതിയ പ്രവർത്തന സ്ഥലങ്ങളെ കേന്ദ്രീകരിച്ചും, സഭകൾ ആവശ്യപ്പെടുന്നതനുസരിച്ചും സഭാ വിശ്വാസികളുടെ മുറ്റത്തു വച്ച് മിനി കൺവെൻഷനുകൾ നടത്താൻ ആഗ്രഹിക്കുന്നു. ഇത് നമ്മുടെ ഇടയിലെ കുഞ്ഞുങ്ങൾക്ക് സുവിശേഷ ഘോഷണത്തിനായുള്ള ഒരു അവസരവും നമ്മുടെ റീജിയനിലെ യുവ ദൈവദാസൻമാർക്ക് പ്രസംഗിക്കാനുള്ള ഒരു വേദിയും ആയിരിക്കും.

## ബിരിയാണി ഫെസ്റ്റ്

സി.ഇ.എം. ന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടതായ സാമ്പത്തികം ലഭിക്കുന്നതിലേയ്ക്ക് വേണ്ടി നമ്മുടെ റീജിയനിലെ സഭകളിൽ എല്ലാപേരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബിരിയാണി ഫെസ്റ്റ് നടത്തുവാൻ ആഗ്രഹിക്കുന്നു.



## കലണ്ടർ

**മുൻവർഷങ്ങളിൽ ചെയ്തു വന്നതുപോലെ നമ്മുടെ റീജിയനിലെ എല്ലാ ദൈവദാസന്മാരുടെ പേരും, ഫോൺ നമ്പറും  പുത്രികാ സംഘടനകളുടെ ഡീറ്റെയിൽസും വച്ച് മനോഹരമായ കലണ്ടർ ഇറക്കുവാൻ ആഗ്രഹിക്കുന്നു.**






## പാട്ടുപുസ്തകം

**'ശാരോൺ ഗീതങ്ങൾ' പരിഷ്ക്കരിച്ച രണ്ടാം പതിപ്പ് പാട്ടുപുസ്തകം ഇറക്കുവാൻ ആഗ്രഹിക്കുന്നു.**

# നിങ്ങൾക്ക് ഈ പ്രവർത്തനങ്ങളിൽ എങ്ങനെ സഹകരിക്കാം

1. സി.ഇ.എം. നെയ്യാറ്റിൻകര റീജിയന്റെ  പ്രവർത്തനങ്ങൾക്കായി നിരന്തരമായി പ്രാർത്ഥിക്കുക.
2. നമ്മുടെ റീജിയനിൽ പുതിയ പ്രവർത്തനം ഉണ്ടാകാൻ പ്രാർത്ഥിക്കുക, പ്രവർത്തിക്കുക.
3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനത്തിന് സ്പോൺസർഷിപ്പ് ചെയ്യാം.
4. ബൈബിൾ കോളേജ് പഠനത്തിന് സാമ്പത്തിക സഹായം ചെയ്യാം.
5. പുതിയ പ്രവർത്തന സ്ഥലങ്ങളിലെ സുവിശേഷകനെ മാസം ചെറിയ ഒരു സാമ്പത്തിക നന്മ വച്ച് തന്ന് സപ്പോർട്ട് ചെയ്യാം.

**NB.** ലഭിക്കുന്ന എല്ലാ സംഭാവനകൾക്കും രസീത് നൽകുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചു കൊണ്ട് സി.ഇ.എം.നു വേണ്ടി,

| | | |
|---|---|---|
| പാസ്റ്റർ മോസസ്സ് എസ്.എച്ച്. | ബ്രദർ സന്തോഷ് കൊറ്റാമം | ബ്രദർ ബ്ലസൻ ജെ. രാജു |
| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറാർ |

YOUR **PERFECT**
**CARRER** PARTNER

**ഉപരിപഠനത്തിന്
ഉത്തമവഴികാട്ടി**

**MBBS
(INDIA & ABROAD)
BDS • BAMS • BHMS
B.SC NURSING •
ENGINEERING
B PHARM • PHARM D
BPT • GNM •
POST B.SC NURSING
HOTEL MANAGEMENT
FASHION DESIGNING
BNYS • BSMS • MBA
BSW • MCA • B.ED.
B.SC • B.COM
BBA • BCA • BA
ALL OTHER UG AND
PG COURSES**



# SHARON
**EDUCATIONAL CHARITABLE TRUST**

KUNNATHUKAL, KARAKONAM P.O., TRIVANDRUM
**PH: 9497521381, 8156821773**

**50 + യൂണിവേഴ്സിറ്റികൾ / 200 + കോളേജുകൾ**

PLACEMENT 100% ASSISTANCE

**2026- 27ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**



24 മണിക്കൂറും
പ്രവർത്തിക്കുന്നു
കൃപ
ആശുപത്രി
ഫിസിയോതെറാപ്പി സെന്റർ,
ഇ.സി.ജി & ലബോറട്ടറി
ഗൗതം കോംപ്ലക്സ്, കുന്നത്തുകാൽ
7356421381, 9497521381
Managing Director: Dharmaraj N.J.